**ഭരണഭാഷ-മാതൃഭാഷ**

**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ**

**പിൻ കോഡ്- 673032**

**GSTIN:32AAALS4147A5ZE**

**ഫോൺ നമ്പർ : 0495-2365040**

**https://kozhikodecorporation.lsgkerala.gov.in, secretarykkd@gmail.com**

R33/
നമ്പർ: 1179978-2024

തീയതി : 31-05-2025

**ലേലം /ടെണ്ടർ പരസ്യം**

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ വക വിവിധ കെട്ടിടങ്ങൾക്ക് താഴെ പറയുന്ന തീയ്യതിയിൽ ലേലം/ടെണ്ടർ സ്വീകരിക്കുന്നതാണ്. വിശദ വിവരങ്ങൾക്ക് നഗരസഭ വെബ് സൈറ്റ് www.kozhikodecorporation.lsgkerala.gov.in സന്ദർശിക്കാവുന്നതും, ഓഫീസ് പ്രവർത്തി ദിവസങ്ങളിൽ റവന്യൂ നോൺ ടാക്സ് വിഭാഗത്തിൽ നിന്നും വിശദ വിവരങ്ങൾ അന്വേഷിച്ച് അറിയാവുന്നതുമാണ്.

ലേലം /ടെണ്ടർ തീയ്യതി - 13-06-2025

ലേലം/ടെണ്ടർ ആരംഭിക്കുന്നത് - **11:30 AM** മുതൽ

ഓഫർ സ്വീകരിക്കുന്നത് - **3 PM വരെ**

For ജോയൻ്റ് കോർപ്പറേഷൻ സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

കോഴിക്കോട് കോർപ്പറേഷൻ Non Tax റവന്യൂ വിഭാഗം

**ഭരണഭാഷ-മാതൃഭാഷ**


**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ**

പിൻ കോഡ്- 673032

GSTIN:32AAALS4147A5ZE

ഫോൺ നമ്പർ : 0495-2365040

https://kozhikodecorporation.lsgkerala.gov.in, secretarykkd@gmail.com


നമ്പർ: 1179978-2024

തീയതി : 31-05-2025

താഴെ പറയും പ്രകാരം വിവിധ നഗരസഭാ വക കെട്ടിടങ്ങളിൽ ഒഴിവുള്ള മുറികളുടെയും സ്പേസുകളുടെയും ,ലേലം / പുനർലേലം / ടെണ്ടർ / റീ-ടെണ്ടർ / ഓഫർ എന്നിവയ്ക്ക് നിലവിലുള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി 13-06-2025 രാവിലെ 11.30 മണിക്ക് ലേല/ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്

| ക്രമ നമ്പർ | മുറി/സ്ഥലം | ലേലം/പുനർലേലം/ടെണ്ടർ/ഓഫർ | നിരതദ്രവ്യം |
|---|---|---|---|
| 1 | ഐജി റോഡ് ബസ് സ്റ്റാൻഡ് ന്യൂ ബ്ലോക്ക്, ഒന്നാം നില ഹാൾ നമ്പർ 4 എ | ഓഫർ | 200000/- |
| 2 | ഇന്ദിര വാണിജ്യ കെട്ടിടം റൂം നമ്പർ- 2B | പുനർ ലേലം/ടെണ്ടർ | 50000/- |
| 3 | ഐ.ജി.റോഡ് ബസ് സ്റ്റാൻറ് ന്യൂ ബ്ലോക്ക് നാലാം നില മുറി-3 | ഓഫർ | 50000/- |
| 4 | ഐ.ജി.റോഡ് ബസ് സ്റ്റാൻറ് ന്യൂ ബ്ലോക്ക് നാലാം നില മുറി-2 | ഓഫർ | 50,000/- |
| 5 | ഐ.ജി.റോഡ് ബസ് സ്റ്റാൻറ് ന്യൂ ബ്ലോക്ക് നാലാം നില മുറി-4 | ഓഫർ | 50,000/- |
| 6 | ഐ.ജി.റോഡ് ബസ് സ്റ്റാൻറ് ന്യൂ ബ്ലോക്ക് നാലാം നില മുറി-1 | ഓഫർ | 50000/- |
| 7 | സെൻട്രൽ മാർക്കറ്റിലെ ഓപ്പൺ ടെറസ്സ് | ഓഫർ | 1,00,000/- |
| 8 | സി ഡി എ അംബേദ്കർ വാണിജ്യ കെട്ടിടം A4 മുറി | പുനർ ലേലം/ടെണ്ടർ | 50000/- |
| 9 | ഇഎംഎസ് സ്റ്റേഡിയം കെട്ടിടം ജി 8 നമ്പർ മുറി | പുനർ ലേലം (SC/ST വിഭാഗത്തിന് മാറ്റി വെച്ചത്) | 50000/- |
| 10 | സെൻട്രൽ മാർക്കറ്റിലെ OBF - 48 മുറി | ഓഫർ | 5000/- |
| 11 | കാളൂർ റോഡ് ടേക്ക് എ ബ്രേക്ക് | ഓഫർ | 1,00,000/- |
| 12 | മീഞ്ചന്ത മാർക്കറ്റ്, എ2 നമ്പർ മുറി(ഗ്രൗണ്ട് ഫ്ലോർ) | പുനർ ലേലം/ടെണ്ടർ | 25000/- |
| 13 | ഇഎംഎസ് സ്റ്റേഡിയം കെട്ടിടം ജി 12 നമ്പർ മുറി | ഓഫർ (ഭിന്ന ശേഷി വിഭാഗത്തിന് മാറ്റി വെച്ചത്) | 50000/- |
| 14 | കുറ്റിച്ചിറ മാർക്കറ്റ് | ഓഫർ | 1,000/- |
| 15 | പന്നിയങ്കര മാർക്കറ്റ് | ഓഫർ | 10,000/- |
| 16 | കോവൂർ മാർക്കറ്റ് | ഓഫർ | 10,000/- |

| | | | |
|---|---|---|---|
| 17 | ഇബ്രാഹിം പാലത്തിനടുത്ത് മരം സൂക്ഷിക്കുന്ന സ്ഥലം | ഓഫർ | 2,000/- |
| 18 | ഐ.ജി.റോഡ് ബസ് സ്റ്റാൻറ് ഓൾഡ് ബ്ലോക്ക് ഒന്നാം നിലയിലെ 4 നമ്പർ മുറി ) | ഓഫർ | 50,000/- |

ജോയിൻറ് കോർപ്പറേഷൻ സെക്രട്ടറി

പകർപ്പ് : വെബ്സൈറ്റ് / നോട്ടീസ് ബോർഡ്

ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതും, നഗരസഭ സെക്രട്ടറിയുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയുള്ള ഡിമാൻറ് ഡ്രാഫ്റ്റ്/നഗരസഭ ഫണ്ടിൽ തുക ഒടുക്കിയതിനുള്ള രസീതി എന്നിവ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

21.ലേലത്തിൽ പങ്കെടുക്കുന്നവർ ആയതിന് മുമ്പ് പ്രസ്തുത കെട്ടിടങ്ങൾ നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്. ലേലം/ടെണ്ടർ കൗൺസിൽ അംഗീകരിച്ചശേഷം എന്തെങ്കിലും ന്യൂനത കാണിച്ചുകൊണ്ട് മുറി ഏറ്റെടുക്കാതിരുന്നാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല. ലേല നിബന്ധനകൾ പാലിക്കുന്നില്ലെങ്കിൽ ഡെപ്പോസിറ്റ് കണ്ടുകെട്ടി നഷ്ടോത്തരവാദിത്വത്തിൽ ലേലം/ടെണ്ടർ നടത്തുന്നതാണ്.

22. ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം/ടെണ്ടർ ക്വാട്ട് ചെയ്യുന്നവർക്ക് ലേലം താല്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതും, ഒന്നും രണ്ടും സ്ഥാനക്കാരുടേതൊഴികെയുള്ള നിരതദ്രവ്യം അന്നുതന്നെ തിരിച്ച് നൽകുന്നതാണ്. 2-ാം സ്ഥാനക്കാരൻറെ നിരതദ്രവ്യം, ലേലം/ടെണ്ടർ കൗൺസിൽ അംഗീകരിച്ച ശേഷം തിരിച്ച നൽകുന്നതാണ്. നിരതദ്രവ്യത്തിലോ, ഡെപ്പോസിറ്റിലോ യാതൊരുവിധ പലിശയും നൽകുന്നതല്ല.

23.ടേക്ക് എ ബ്രേക്കുകളുടെ ഡെപ്പോസിറ്റ് തുക, ക്വാട്ട് ചെയ്യുന്ന പ്രതിമാസ ലൈസൻസ് ഫീ തുകയുടെ 12 ഇരട്ടി ആയിരിക്കും എന്നിരുന്നാലും **കാളൂർ റോഡ്, ടേക്ക് എ ബ്രേക്കിൻറെ ഏറ്റവും കുറഞ്ഞ ഡെപ്പോസിറ്റ് തുക 5 ലക്ഷം രൂപയും അടിസ്ഥാന പ്രതിമാസ ലൈസൻസ് ഫീസ് 20000/- രൂപയും** ആയിരിക്കും.

24.ഏതെങ്കിലും കാരണത്താൽ ലേലം/ടെണ്ടർ പ്രസ്തുത ദിവസം നടക്കാതെ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസങ്ങളിൽ നടത്തുന്നതാണ്.

## <u>പുനർലേലം/ടെണ്ടർ /ഓഫർ നിബന്ധനകൾ</u>

1. കോഴിക്കോട് കോർപ്പറേഷൻ വക കെട്ടിടങ്ങളിലെ കടമുറികൾ നിലവിൽ ഉള്ള വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി 13/06/2025 11.00 മുതൽ 3 മണി വരെ ഓഫർ സ്വീകരിക്കുന്നതാണ്.

2. പുനർലേലം/ടെണ്ടർ/ഓഫർ പങ്കെടുക്കുന്നവർ പുനർലേലം/ടെണ്ടറിന്/ഓഫറിന് മുമ്പേ തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്

3. പുനർലേലത്തിൽ/ഓഫറിൽ പങ്കെടുക്കുന്നവർ രാവിലെ 10.30 മണിക്ക് മുമ്പ് പുനർലേലം/ഓഫർ നടത്തുന്ന ഉദ്യോഗസ്ഥർ മുമ്പാകെ നിരതദ്രവ്യം കെട്ടിവെക്കുകയോ നഗരസഭ സെക്രട്ടറിയുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയുള്ള ഡിമാൻറ് ഡ്രാഫ്റ്റ് ഹാജരാക്കുകയോ ചെയ്യേണ്ടതാണ്. ടെണ്ടർ സമർപ്പിക്കുന്നവർ തിരിച്ചറിയൽ രേഖയുടെ പകർപ്പ് ഹാജരാക്കേണ്ടതും, നഗരസഭ സെക്രട്ടറിയുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയുള്ള ഡിമാൻറ് ഡ്രാഫ്റ്റ്/നഗരസഭ ഫണ്ടിൽ തുക ഒടുക്കിയതിനുള്ള രസീതി എന്നിവ ടെണ്ടറിനൊപ്പം സമർപ്പിക്കേണ്ടതാണ്.

4. നിലവിലുള്ള അവസ്ഥയിൽ മൂന്ന് വർഷത്തേക്ക് മുറി അനുവദിക്കുന്നതിനാണ് പുനർ ലേലം/ടെണ്ടർ/ഓഫർ നടത്തുന്നത്. ലേലത്തിൽ പങ്കെടുക്കുന്നവർ ആയതിന് മുമ്പ് മുറി നേരിട്ട് കണ്ട് ബോധ്യപ്പെടേണ്ടതാണ്. പുനർലേലം/ടെണ്ടർ കൗൺസിൽ അംഗീകരിച്ചശേഷം എന്തെങ്കിലും ന്യൂനത കാണിച്ചുകൊണ്ട് മുറി ഏറ്റെടുക്കാതിരുന്നാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല. ലേല നിബന്ധനകൾ പാലിക്കുന്നില്ലെങ്കിൽ ഡെപ്പോസിറ്റ് കണ്ടുകെട്ടി നഷ്ടോത്തരവാദിത്വത്തിൽ ലേലം/ടെണ്ടർ നടത്തുന്നതാണ്.

5. ഏറ്റവും കൂടുതൽ തുകയ്ക്ക് പുനർലേലം/ടെണ്ടർ/ഓഫർ ക്വാട്ട് ചെയ്യുന്നവർക്ക് ലേലം താല്ക്കാലികമായി സ്ഥിരപ്പെടുത്തുന്നതും, ഒന്നും രണ്ടും സ്ഥാനക്കാരുടേതൊഴികെയുള്ള നിരതദ്രവ്യം അന്നുതന്നെ തിരിച്ച് നൽകുന്നതാണ്. 2-ാം സ്ഥാനക്കാരൻെറ നിരതദ്രവ്യം, പുനർലേലം/ടെണ്ടർ/ഓഫർ കൗൺസിൽ അംഗീകരിച്ച ശേഷം തിരിച്ച നൽകുന്നതാണ്. നിരതദ്രവ്യത്തിലോ, ഡെപ്പോസിറ്റിലോ യാതൊരുവിധ പലിശയും നൽകുന്നതല്ല.

6. പുനർലേലം/ടെണ്ടർ/ഓഫർ കൗൺസിൽ സ്ഥിരപ്പെടുത്തുന്ന പക്ഷം, 12 മാസത്തെ ലൈസൻസ് ഫീസിന് തുല്യമായ തുക ഡോപ്പോസിറ്റായും 12 മാസത്തെ അഡ്വാൻസ് ലൈസൻസ് ഫീസും ഓഫീസിൽ നിന്നും ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം അടവാക്കേണ്ടതും, 200/- രൂപയുടെ മുദ്ര പത്രത്തിൽ ഫോട്ടോ പതിച്ച് ഉടമ്പടി ഒപ്പിട്ട് സമർപ്പിക്കേണ്ടതുമാണ്. അന്നുതന്നെ റവന്യൂ ഇൻസ്പെക്ടറിൽ നിന്ന് താക്കോൽ കൈപ്പറ്റി മുറി ഏറ്റെടുക്കേണ്ടതാണ്. മുറിയുടെ ലൈസൻസ് ഫീസ് അന്നുമുതൽ പ്രാബല്യത്തിൽ വരുന്നതാണ്. യഥാകാലം മുറി ഏറ്റെടുത്തില്ലെങ്കിൽ ഡെപ്പോസിറ്റ് കണ്ടുകെട്ടുന്നതും മുറി ലേലം/ടെണ്ടർ ചെയ്യുന്നതുമാണ്.

7. അതാത് കാലത്തുള്ള നിയമാനുസൃത ജി.എസ്.ടി, ഇൻകം ടാക്സ്, ഇലക്ട്രിസിറ്റി വാട്ടർ ചാർജ് എന്നിവ ലൈസൻസി അടവാക്കേണ്ടതാണ്.

8. ഏതെങ്കിലും കാരണത്താൽ പുനർലേലം/ടെണ്ടർ/ഓഫർ പ്രസ്തുത ദിവസം നടക്കാതെ വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസങ്ങളിൽ നടത്തുന്നതാണ്.

9. പുനർലേലം/ടെണ്ടർ/ഓഫർ അംഗീകരിക്കുന്നതിനും നിരസിക്കുന്നതിനും ഉള്ള പൂർണ്ണ അധികാരം കോർപ്പറേഷനിൽ നിക്ഷിപ്തമാണ്.

10.മീഞ്ചന്ത മാർക്കറ്റ് കെട്ടിടത്തിലെ A2 നമ്പർ മുറി മത്സ്യ മാംസ കച്ചവടത്തിന് അനുവദിനീയമല്ല

ജോയൻറ് കോർപ്പറേഷൻ സെക്രട്ടറി

കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ

പകർപ്പ് : വെബ്സൈറ്റ് / നോട്ടീസ് ബോർഡ്

**ഭരണഭാഷ-മാതൃഭാഷ**


**കോഴിക്കോട് മുനിസിപ്പൽ കോർപ്പറേഷൻ**

**പിൻ കോഡ്- 673032**

**GSTIN:32AAALS4147A5ZE**

**ഫോൺ നമ്പർ : 0495-2365040**

**https://kozhikodecorporation.lsgkerala.gov.in, secretarykkd@gmail.com**


നമ്പർ: 1179978-2024 | തീയതി : 31-05-2025

**ടേക്ക് എ ബ്രേക്ക് ലേല നിബന്ധനകൾ**

1. കോഴിക്കോട് നഗരപരിധിയിൽ എത്തുന്ന പൊതു ജനങ്ങൾക്ക് വൃത്തിയുള്ളതും ആധുനിക സൌകര്യങ്ങളോട്ടുകൂടിയതുമായ പൊതു ശൌചാലയങ്ങൾ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ടി സംവിധാനം മികച്ച രീതിയിൽ നടത്തിക്കൊണ്ടു പോകുന്നതിനുള്ള ചെലവു കണ്ടെത്തുന്നതിനാണ് കഫ്റ്റീരിയ സജ്ജമാക്കിയിരിക്കുന്നത്.

2. നിലവിലുള്ള അവസ്ഥയിലും സ്ഥലത്തും സൌകര്യത്തിലുമാണ് നടത്തിപ്പിനായി ടേക്ക് എ ബ്രേക്ക് അനുവദിക്കുന്നത്.

3. ടോയ്ലറ്റ് ബ്ലോക്ക് ആധുനിക രീതിയിൽ Mechanised cleaning സംവിധാനം ഉപയോഗിച്ച് എയർപോർട്ടുകളിലെ ശൌചാലയങ്ങളോട് കിടപിടിക്കത്തക്ക രീതിയിൽ പരിപാലിക്കേണ്ടതാണ് .

4. ശൌചാലയങ്ങൾ എല്ലാ ദിവസവും 24 മണിക്കൂറും പൊതുജനങ്ങൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ സോകര്യം ഏർപ്പെടുത്തേണ്ടാതാണ്

5 ടേക്ക് എ ബ്രേക്കിന്റെ ചുറ്റുപാടും വൃത്തിയായി സൂക്ഷിക്കേണ്ടതും ഗ്രീൻ പ്രോട്ടോകോൾ മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

6 ശൌചാലയങ്ങൾ ഉപയോഗിക്കുന്നവരിൽ നിന്നും കോർപ്പറേഷൻ നിശ്ചയിക്കുന്ന നിരക്കിലുള്ള യൂസർ ചാർജ്ജ് ഈടാക്കാവുന്നതും ആയതിന്റെ നിരക്കുകൾ വ്യക്തമായി പൊതുജനങ്ങൾക്ക് കാണത്തക്ക രീതിയിൽ പ്രദർശിപ്പിക്കേണ്ടതുമാണ്.

7 ടേക്ക് എ ബ്രേക്ക് സംവിധാനത്തിന്റെ ഉടമസ്ഥാവകാശം പൂർണ്ണമായും കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കുന്നതും അനുവദിക്കപ്പെട്ട സ്ഥലത്ത് യാതൊരു വിധത്തിലുള്ള കൂട്ടിച്ചേർക്കലുകൾ നടത്തുകയോ നിലവിലുള്ള അവസ്ഥയിൽ മാറ്റം വരുത്തുകയോ ചെയ്യുവാൻ പാടില്ലാത്തതുമാണ് .

8 കഫ്റ്റീരിയ പ്രവർത്തിപ്പിക്കുന്നതിന് ഭക്ഷ്യസുരക്ഷ വകുപ്പ് ഉൾപ്പടെയുള്ള വകുപ്പുകളിൽ നിന്നും ആവശ്യമായ അനുമതി ലൈസൻസികൾ വാങ്ങിയിരിക്കേണ്ടതാണ്.

9.കുടിവെള്ളം. മാലിന്യ സംസ്കരണം എന്നിവ ലൈസൻസി സ്വന്തം ചെലവിലും ഉത്തരവാദിത്വത്തിലും ഏർപ്പെടുത്തേണ്ടതാണ്.

10 ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ലൈസൻസി സ്വന്തം ചെലവിൽ വഹിക്കേണ്ടതാണ് .

11.ലൈസൻസി യാതൊരു കാരണവശാലും അനുവദിക്കപ്പെട്ട ടേക്ക് എ ബ്രേക്ക് മറ്റൊരാൾക്ക് കൈമാറുകയോ പാർട്ട്ണർ ഉടമ്പടി ചമക്കുകയോ, കച്ചവട സ്വഭാവം മാറ്റുകയോ ചെയ്യാൻ പാടില്ലാത്തതാണ്.

12 ലൈസൻസ് കാലാവധി പരമാവധി 3 വർഷ കാലയളവിലേക്കായിരിക്കും അനുവദിക്കുക. ലൈസൻസ് കാലാവധിക്ക് ശേഷം ലൈസൻസ് പുതുക്കി അനുവദിക്കുന്ന പക്ഷം കൌൺസിൽ തീരുമാനത്തിനു വിധേയമായി ലൈസൻസ് ഫീസിൽ 20 ശതമാനമോ അല്ലെങ്കിൽ അതാതു കാലങ്ങളിൽ കൌൺസിൽ നിശ്ചയിക്കുന്ന നിരക്കിലോ വർധനവ് വരുത്തുന്നതാണ് .

13. കാലാകാലങ്ങളിൽ കോർപ്പറേഷൻ കൌൺസിൽ /സർക്കാർ എടുക്കുന്ന തീരുമാനങ്ങളും ഉത്തരവുകളും ടേക്ക് എ ബ്രേക്കിന്റെ പ്രവർത്തനത്തിന് ബാധകമായിരിക്കും.

14. കോർപ്പറേഷൻ കടമുറികൾ ലൈസൻസ് ഫീസ് വ്യവസ്ഥയിൽ അനുവദിക്കുന്നത് സംബന്ധിച്ച ബൈലോ/ആക്ട് പ്രകാരമുള്ള വ്യവസ്ഥകളും നിബന്ധനകളും അനുസരിച്ച് പ്രവർത്തിക്കുന്നതിനു ലൈസൻസി ബാധ്യസ്ഥനാണ് .

15. ടെണ്ടർ സ്വീകരിക്കുന്നതിനോ നിരാകരിക്കുന്നതിണോ ഉള്ള അധികാരം കോർപ്പറേഷൻ കൌൺസിലിൽ നിക്ഷിപ്തമായിരിക്കും .

16. ലൈസൻസ് ഫീസ് ചെക്ക്/നെഫ്റ്റ്/ആർടിജിഎസ് മുഖേന ഒടുക്കുന്ന സന്ദർഭങ്ങളിൽ ലൈസൻസിയുടെ സ്വന്തം പേരിലുള്ള അക്കൗണ്ട് മുഖേന മാത്രം ആയതു അടവാക്കേണ്ടതാണ് .

17 അനുവദിക്കപ്പെട്ട ലൈസൻസ്, കാലാവധിക്ക് മുൻപ് റദ്ദു ചെയ്യുന്നതിനോ ഭേദഗതി വരുത്തുന്നതിനോ കോർപ്പറേഷന് അധികാരമുണ്ടയിരിക്കുന്നതാണ്.

18 പ്രസ്തുത കെട്ടിടവും പരിസരവും ഏതു സമയത്തും പരിശോധിക്കുന്നതിനും പ്രവർത്തനം തൃപ്തികരമല്ലെന്നു കാണുന്ന പക്ഷം കരാർ അവസാനിപ്പിക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

19.ലേലം/ടെണ്ടർ ൽ പങ്കെടുക്കുന്നവർ ലേലം/ടെണ്ടറിന് മുമ്പേ തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്.

20.ലേലത്തിൽ പങ്കെടുക്കുന്നവർ രാവിലെ 11.00 മണിക്ക് മുമ്പ് ലേലം നടത്തുന്ന ഉദ്യോഗസ്ഥർ മുമ്പാകെ നിശ്ചിത നിരതദ്രവ്യം കെട്ടിവെക്കുകയോ നഗരസഭ സെക്രട്ടറിയുടെ പേരിൽ വാങ്ങിയ നിശ്ചിത തുകയ്ക്കുള്ള ഡിമാൻറ് ഡ്രാഫ്റ്റ്